2026
JANUARY
01
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper







# നികുതിഭാരം വീണ്ടും വെട്ടിക്കുറയ്ക്കാൻ കേന്ദ്രം



**ന്യൂഡൽഹി:** ദീപാവലി സമ്മാനമെന്നോണം ഒട്ടുമിക്ക ഉൽപന്ന/സേവനങ്ങളുടെയും നികുതിഭാരം വെട്ടിക്കുറച്ച് 'ജിഎസ്ടി 2.0' അവതരിപ്പിച്ചതിന് പിന്നാലെ, നികുതിയിൽ വീണ്ടും ആശ്വാസം സമ്മാനിക്കാൻ ജിഎസ്ടി കൗൺസിൽ. ഇക്കുറി 2 ഉൽപന്നങ്ങൾക്ക് നികുതി കുറയ്ക്കാനാണ് നീക്കം.

കഴിഞ്ഞ സെപ്റ്റംബറിലായിരുന്നു അവസാനമായി ജിഎസ്ടി കൗൺസിൽ ചേർന്നത്. അന്ന് 12%, 28% എന്നീ സ്ലാബുകൾ ഒഴിവാക്കുകയും ഉൽപന്ന/സേവനങ്ങളെ 5, 18% സ്ലാബുകളിലേക്ക് മാറ്റുകയുമായിരുന്നു ചെയ്തത്. ചില ഉൽപന്ന/സേവനങ്ങളുടെ ജിഎസ്ടി പൂർണമായും ഒഴിവാക്കി.

28 ശതമാനം സ്ലാബിലുണ്ടായിരുന്ന ആഡംബര വസ്തുക്കൾ, സിഗററ്റ് പോലുള്ള ഉപയോഗം നിരുത്സാഹപ്പെടുത്തേണ്ട വസ്തുക്കൾ എന്നിവയെ പുതുതായി സൃഷ്ടിച്ച 40% എന്ന പ്രത്യേക സ്ലാബിലേക്കും മാറ്റിയിരുന്നു. അടുത്ത ജിഎസ്ടി കൗൺസിൽ യോഗത്തിന്റെ തീയതി പ്രഖ്യാപിച്ചിട്ടില്ല. 2 ഉൽപന്നങ്ങൾക്കായിരിക്കും നികുതി കുറയുക. രാജ്യത്ത് പലയിടത്തും വായുനിലവാരം മോശമായതിനെ തുടർന്ന് ഗാർഹിക ആവശ്യത്തിനുള്ള വാട്ടർ, എയർ പ്യൂരിഫയറുകളുടെ നികുതിയാണ് കുറയ്ക്കുക. നിലവിൽ 18 ശതമാനമാണ് നികുതി. ഇത് 5 ശതമാനമാക്കും. ഇതോടെ ഇവയുടെ വില 10-15 ശതമാനം വരെ കുറയും. കൂടുതൽ പേർക്ക് ഇത്തരം ഉപകരണങ്ങൾ വാങ്ങാനുള്ള സാഹചര്യവും ഒരുങ്ങും.

ഡൽഹിയിലെ വായു നിലവാരം മോശമായതിനെ തുടർന്ന് വാട്ടർ, എയർ പ്യൂരിഫയറുകളുടെ നികുതി കുറയ്ക്കണമെന്ന ഹർജി ഡൽഹി ഹൈക്കോടതിയുടെ പരിഗണനയിലാണ്. നികുതി കുറയ്ക്കുന്നത് ആലോചിക്കാൻ ജിഎസ്ടി കൗൺസിലിനോട് കോടതി നിർദേശിച്ചിരുന്നു. ആവശ്യമെങ്കിൽ ഓൺലൈനായും യോഗം ചേരാനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ജിഎസ്ടി കൗൺസിൽ യോഗം ഓൺലൈനായി ചേരാനാവില്ലെന്നായിരുന്നു സർക്കാരിന് വേണ്ടി ഹാജരായ അഡിഷണൽ സോളിസിറ്റർ ജനറൽ എൻ. വെങ്കട്ടരാമൻ നൽകിയ മറുപടി. ശുദ്ധമായ വായു ഉറപ്പാക്കാൻ കഴിയില്ലെങ്കിൽ എയർ പ്യൂരിഫയറുകളുടെ ജിഎസ്ടിയെങ്കിലും കുറയ്ക്കണമെന്നും കോടതി ആവശ്യപ്പെട്ടിരുന്നു.

ജിഎസ്ടി നിരക്കിൽ തീരുമാനമെടുക്കാനുള്ള അധികാരം ജിഎസ്ടി കൗൺസിലിനാണ്. കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ അധ്യക്ഷയായ കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളിലെയും ധനമന്ത്രിമാരും അംഗങ്ങളാണ്. ഓരോ ത്രൈമാസത്തിലും സമിതി യോഗം ചേരണമെന്നാണ് ചട്ടം. സെപ്റ്റംബർ മൂന്നിനാണ് 56-ാമത് കൗൺസിൽ യോഗം ചേർന്നത്.




# ഇന്ത്യ ലോകത്തിലെ നാലാമത്തെ വലിയ സമ്പദ്വ്യവസ്ഥ റിപ്പോർട്ട്

**ന്യൂഡൽഹി:** ഇന്ത്യ ലോകത്തിലെ നാലാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറിയെന്ന് സർക്കാർ. നിലവിലെ നാലാം സമ്പദ്വ്യവസ്ഥയായ ജപ്പാനെ മറികടന്നതായും 2030 ആകുമ്പോൾ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയായ ജർമനിയെ മറികടക്കുമെന്നും സർക്കാർ അറിയിച്ചു. വർഷാവസാന സാമ്പത്തിക അവലോകന പ്രകാരമാണ് സർക്കാർ പ്രസ്താവന പുറത്തിറക്കിയത്.

2025-26 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ ഇന്ത്യയുടെ യഥാർഥ ജിഡിപി 8.2 ശതമാനം വർധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ ഇത് 7.8 ശതമാനവും നാലാം പാദത്തിൽ 7.4 ശതമാനവുമായിരുന്നു വർധന. "4.18 ട്രില്യൺ യുഎസ് ഡോളർ ജിഡിപി മൂല്യത്തോടെ ഇന്ത്യ ജപ്പാനെ മറികടന്ന് ലോകത്തിലെ നാലാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറി. 2030 ആകുമ്പോൾ ജർമനിയെ മൂന്നാം സ്ഥാനത്ത് നിന്ന് പിന്തള്ളാൻ ഒരുങ്ങുകയാണ്", സർക്കാർ പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

ലോകത്തിലെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥ യുഎസാണ്, രണ്ടാം സ്ഥാനത്ത് ചൈനയും. കഴിഞ്ഞ കുറെ വർഷങ്ങളായി ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്വ്യവസ്ഥയാണ് ഇന്ത്യ. കഴിഞ്ഞ പത്തുവർഷത്തിൽ സമ്പദ്വ്യവസ്ഥയുടെ വലുപ്പം ഇരട്ടിയായി.

# ബിപിസിഎലിന്റെ പദ്ധതിയിൽ അരാംകോ നിക്ഷേപം

**ന്യൂഡൽഹി:** സൗദി അറേബ്യൻ എണ്ണക്കമ്പനിയും ലോകത്തെ ഏറ്റവും വലിയ കോർപറേറ്റ് സ്ഥാപനങ്ങളിലൊന്നുമായ സൗദി അരാംകോ ദക്ഷിണേന്ത്യയിലേക്ക് വരുന്നു. പൊതുമേഖലാ എണ്ണവിതരണക്കമ്പനിയായ ബിപിസിഎൽ സ്ഥാപിക്കുന്ന പുത്തൻ റിഫൈനറിയിൽ 20% ഓഹരി പങ്കാളിത്തമാകും സൗദി അരാംകോ സ്വന്തമാക്കുക. ഏകദേശം 20,000 കോടി രൂപയുടെ നിക്ഷേപം അറാംകോ നടത്തിയേക്കും. പദ്ധതിയിൽ ഓയിൽ ഇന്ത്യ ലിമിറ്റഡും ചില ബാങ്കുകളും താൽപ്പര്യം അറിയിച്ചിട്ടുണ്ട്.




ഏകദേശം 96,000 കോടി രൂപയുടെ നിക്ഷേപത്തോടെ ആന്ധ്രാപ്രദേശിലെ നെല്ലൂർ ജില്ലയിൽ രാമയ്യപട്ടണം തുറമുഖത്തിന് സമീപമാണ് റിഫൈനറി കം പെട്രോകെമിക്കൽ കോംപ്ലക്സ് ബിപിസിഎൽ സ്ഥാപിക്കുന്നത്. നിർമാണച്ചെലവ് ലക്ഷം കോടി കടന്നേക്കുമെന്നാണ് വിലയിരുത്തൽ. പദ്ധതിക്കായി ആന്ധ്രാപ്രദേശ് സർക്കാർ ഇതിനകം 6,000 ഏക്കർ ഭൂമി കൈമാറിയെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇന്ത്യയിലെ ഇന്ധന ഡിമാൻഡിനൊത്ത വിതരണം ഉറപ്പാക്കാനും പെട്രോകെമിക്കൽ ഉൽപന്നങ്ങളുടെ കയറ്റുമതിയും ഉന്നമിട്ടാണ് ബിപിസിഎൽ പുത്തൻ പദ്ധതി സ്ഥാപിക്കുന്നത്. 9 മുതൽ 12 ദശലക്ഷം ടൺ പ്രതിവർഷ സംസ്കരണശേഷിയുള്ളതാകും ആന്ധ്രയിലെ പ്ലാന്റ്. ഓയിൽ ഇന്ത്യ 10% ഓഹരികളാകും സ്വന്തമാക്കിയേക്കുക. ബാങ്കുകൾ 45 ശതമാനവും. മൊത്തം 30-40% ഓഹരികൾ വിൽക്കാനാണ് ബിപിസിഎൽ ഉന്നമിടുന്നതെന്നും റിപ്പോർട്ടുകൾ പറയുന്നു.

ഗുജറാത്തിൽ ഒഎൻജിസി പുതുതായി സ്ഥാപിക്കുന്ന എണ്ണശുദ്ധീകരണ ശാലയിലും നിക്ഷേപം നടത്താൻ സൗദി അരാംകോയ്ക്ക് പദ്ധതിയുണ്ടെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇന്ത്യയിൽ വിവിധ ഘട്ടങ്ങളിലായി 100 ബില്യൻ ഡോളർ (ഏകദേശം 8.9 ലക്ഷം രൂപ) നിക്ഷേപിക്കാൻ 2019ൽ അറാംകോ തീരുമാനിച്ചിരുന്നു. ഇതിൻറെ ഭാഗമാണ് ആന്ധ്രയിലെ നിക്ഷേപവും. കഴിഞ്ഞ ഏപ്രിലിൽ സൗദി സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇതുസംബന്ധിച്ച ചർച്ചകൾ നടത്തി. ഇന്ത്യയിലേക്ക് പതിറ്റാണ്ടുകളായി എണ്ണയിറക്കുമതി ചെയ്യുന്നുണ്ട് അറാംകോ. എണ്ണശുദ്ധീകരണ മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ അരാംകോയ്ക്കുണ്ടെന്നത് ഇന്ത്യൻ കമ്പനികൾക്കും നേട്ടമാകും. ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ എണ്ണ വിതരണക്കമ്പനിയാണ് ബിപിസിഎൽ. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കണക്കുപ്രകാരം 27.44 ശതമാനമാണ് വിപണി വിഹിതം. സെപ്റ്റംബറിൽ അവസാനിച്ച രണ്ടാംപാദത്തിൽ 6,443 കോടി രൂപയുടെ ലാഭം ബിപിസിഎൽ നേടിയിരുന്നു. കൊച്ചി, മുംബൈ, ബിന എന്നിവിടങ്ങളിലായി മൂന്ന് എണ്ണശുദ്ധീകരണ ശാലകളാണ് ബിപിസിഎല്ലിനുള്ളത്.

# ഇന്നത്തെ പരിപാടി

**എറണാകുളം ടൗൺ ഹാൾ :** സംസ്ഥാന പരമ്പരാഗത ഈറ്റ, മുള തൊഴിലാളി സംഗമം ഉദ്ഘാടനം മന്ത്രി പി. രാജീവ് – രാവിലെ 9:30 ന്.

**കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം :** കേരള ബാബൂഫെസ്റ്റ് – രാവിലെ 10:30 ന്

**കൊച്ചി വാട്ടർ മെട്രോ ഹൈക്കോർട്ട് സ്റ്റേഷൻ :** പോർട്ട്ഫോളിയോ ഫോട്ടോ പ്രദർശനം – രാവിലെ 10 മണി മുതൽ.

**കലൂർ പാവക്കുളം ക്ഷേത്രം :** ട്രിപ്പിൾ തായമ്പക – വൈകിട്ട് 7 മണി.

**ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ ഗ്രൗണ്ട് :** 170മ ത് ഗോതുരുത്ത് ഫെസ്റ്റിനോടനുബന്ധിച്ചുള്ള സാംസ്കാരിക സമ്മേളനം ഉദ്ഘാടനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, വൈകിട്ട് 6 മണി.

# മദ്യത്തിന് പേരും ലോഗോയും മത്സരം അപഹാസ്യം: ട്വന്റി20 പാർട്ടി

**കിഴക്കമ്പലം:** മദ്യത്തിന് പേരും ലോഗോയും നിർദ്ദേശിക്കാൻ മത്സരം സംഘടിപ്പിച്ച ഇടത് സർക്കാരിന്റെ നടപടി തികച്ചും അനുചിതവും അപഹാസ്യവുമാണെന്ന് ടൊന്റി20 പാർട്ടി പ്രസിഡന്റ് സാബു ജേക്കബ് പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ ജനം പിണറായി സർക്കാരിനെതിരെ വിധിയെഴുതിയിട്ടും വീണ്ടും ജനങ്ങളുടെ ക്ഷമ പരിശോധിക്കുന്നു. പുതുവത്സരാഘോഷങ്ങളുടെ പേരിൽ ബാറുകളുടെ പ്രവർത്തന സമയം നീട്ടിയതിലും ദുരൂഹതയുണ്ട്. മദ്യവും മയക്കുമരുന്നും മറ്റ് ലഹരി വസ്തുക്കളും സാമൂഹിക തിന്മയാണെന്നിരിക്കെ ജനക്ഷേമ സർക്കാരുകൾ അതിനെതിരെയാണ് നടപടി സ്വീകരിക്കേണ്ടത്.

കേരള ജനതയെ മദ്യത്തിന് അടിമപ്പെടുത്താൻ കച്ചകെട്ടിയിരിക്കുകയാണ് ഇടത് സർക്കാർ. ശബരിമലയിലെ സ്വർണ്ണം മോഷ്ടിച്ചതിൽ ദേവസ്വം വകുപ്പ് മന്ത്രിയായിരുന്ന കടകംപിള്ളി സുരേന്ദ്രനിലേയ്ക്കു കൂടി അന്വേഷണം വ്യാപിച്ചതിന്റെ ശ്രദ്ധ തിരിക്കാനുള്ള സർക്കാരിന്റെ കരുതികൂട്ടിയുള്ള നടപടിയാണ് മദ്യത്തിന് പേരിടീൽ മത്സരം. മത്സരത്തിൽ പങ്കെടുത്ത് പേര് നിർദ്ദേശിച്ച കുന്നത്തുനാട് എം.എൽ.എ പി.വി.ശ്രീനിജനെയും സാബു ജേക്കബ് വിമർശിച്ചു. കുന്നത്തുനാട്ടിലെ പാർട്ടിക്കാരുടെയും ജനങ്ങളുടെയും മുന്നിൽ 'സീറോ' യായി മാറിയ എം.എൽ.എ തന്റെ തന്നെ അവസ്ഥയ്ക്ക് ചേർന്ന പേരാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും സാബു ജേക്കബ് പരിഹസിച്ചു. നാടും ജനവും നശിച്ചാലും വേണ്ടില്ല തനിക്ക് പണം സമ്പാദിക്കണം എന്ന അത്യാഗ്രഹമാണ് കേവലം പതിനായിരം രൂപയ്ക്കുവേണ്ടി പോലും ജനപ്രതിനിധി എന്ന തന്റെ കർത്തവ്യം മറന്നാണ് ശ്രീനിജൻ മത്സരത്തിൽ പങ്കെടുത്തതെന്ന് ടൊന്റി20 പാർട്ടി പ്രസിഡന്റ് പറഞ്ഞു.

## ബയോസ്റ്റാറ്റിസ്റ്റീഷ്യൻ ഒഴിവ്

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ പി.ജി. കോഴ്സുകൾക്ക് വേണ്ടി ബയോസ്റ്റാറ്റിസ്റ്റീഷ്യനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ബയോസ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജനുവരി 7ന് രാവിലെ 11 ന് ബയോഡാറ്റ, ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജ് പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകേണ്ടതാണ്. ഫോൺ : 7907156450

## പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മരട് മാങ്കായിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ പഴയ ഇരുനില കെട്ടിടം പൊളിച്ചു നീക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. മൂന്ന് ലാബുകളും മൂന്ന് ക്ലാസ് മുറികളും ഉള്ള രണ്ടു നില കെട്ടിടമാണ് പൊളിച്ചു നീക്കേണ്ടത്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സ്കൂൾ വി.എച്ച്.എസ്.ഇ വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ . 9846217535

## ജോബ് ഫെയർ

**കൊച്ചി:** ഡയറക്റ്ററേറ്റ് ഓഫ് റീസെറ്റിൽമെന്റ് സോൺ (സൗത്ത്) പൂനെ വിമുക്തഭടന്മാർക്ക് വേണ്ടി ജോബ് ഫെയർ നടത്തുന്നു. ജനുവരി 20 ന് ഐ.എൻ. എസ്. വെണ്ടുരുത്തിയിലാണ് ജോബ് ഫെയർ നടക്കുക. തൽപ്പരരായ വിമുക്തഭടന്മാർ ഡി ജി ആർ വെബ്സൈറ്റായ www.dgrindia.gov.in വഴി ഓൺലൈനായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് ജോബ് ഫെയർ വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 04842422239

# ഉന്നത വിദ്യാഭ്യാസമേഖല അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ കൃത്യമായ ഇടപെടലുകളിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തിൽ മികച്ച വികസനമാണ് അടിസ്ഥാനതലത്തിലും അക്കാദമിക തലത്തിലും നടന്നത്. 200 കോടി രൂപയുടെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, നാലു വർഷ ബിരുദം, ഉന്നത നിലവാരത്തിലുള്ള ഗവേഷണ പുരസ്ക്കാരങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവ നടപ്പിലാക്കാനായി. മാർ ഇവാനിയോസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിന്റെയാകെ വിദ്യാഭ്യാസ പുരോഗതിയിൽ സമാനതകളില്ലാത്ത സ്ഥാനം വഹിക്കുന്ന ഒരു മാതൃകാ കലാലയമാണ് മാർ ഇവാനിയോസ് കോളേജ്. 1949ൽ ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് സ്ഥാപിച്ച ഈ കലാലയം, സ്വതന്ത്രമായ അറിവിനെക്കുറിച്ചും ഭയമില്ലാത്ത മനസ്സിനെക്കുറിച്ചും സ്വപ്നം കണ്ട ശാന്തിനികേതനിലെ ചിന്തകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് രൂപീകൃതമായത്. 145 വിദ്യാർത്ഥികളുമായി ആരംഭിച്ച ഈ കലാലയം ഇന്ന് കേരളത്തിലെ മികവുറ്റ ബൃഹത് കലാലയങ്ങളിൽ ഒന്നാണ്. സാധാരണ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ മികവുള്ളവരാക്കി മാറ്റുന്നതിനൊപ്പം ജീവിതപാഠങ്ങളും സാമൂഹ്യ ഉത്തരവാദിത്വവും ഇവിടെ പകർന്നു നൽകുന്നു.

സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും ദേശീയ റാങ്കിങ്ങിൽ നേട്ടം കൈവരിക്കുന്നതിൽ മാർ ഇവാനിയോസ് കോളേജ് പോലെയുള്ള സ്ഥാപനങ്ങളുടെ സംഭാവന വലുതാണ്. എൻ.ഐ.ആർ.എഫ് റാങ്കിങ്ങിൽ ഇന്ത്യയിലെ മികച്ച 100 കോളേജുകളിൽ 36ാം സ്ഥാനത്താണ് ഈ കോളേജ്. 1999ൽ NAAC അക്രഡിറ്റേഷൻ നേടിയ കോളേജ്, 2019ൽ എ പ്ലസ് ഗ്രേഡും കരസ്ഥമാക്കി. 2014ൽ സ്വയംഭരണ പദവി ലഭിച്ച കലാലയം പഠന നിലവാരം മെച്ചപ്പെടുത്താൻ മറ്റ് സ്ഥാപനങ്ങളെ കൂടി സഹായിക്കുന്നുണ്ട്. ഭരണാധികാരികൾ, പാർലമെന്ററി രംഗത്തെ പ്രഗത്ഭർ, സാമൂഹികസാംസ്കാരികകായിക മേഖലകളിൽ മുദ്ര പതിപ്പിച്ചവർ എന്നിങ്ങനെ നാടിനും ലോകത്തിനും ഉപകരിക്കുന്ന ഒട്ടേറെ വ്യക്തിത്വങ്ങളെ മാർ ഇവാനിയോസ് ക്യാമ്പസ് വാർത്തെടുത്തിട്ടുണ്ട്.

മതേതരത്വത്തിന്റെ പ്രതീകമായ ഇത്തരം കലാലയങ്ങൾ സമൂഹത്തിന്റെ പൊതുനന്മയ്ക്ക് നൽകുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ നാടിന്റെ മതനിരപേക്ഷതയും പരസ്പര വിശ്വാസവും തകർക്കാൻ നടക്കുന്ന ശ്രമങ്ങളെ തിരിച്ചറിയാനും അവയെ ചെറുക്കാനുമുള്ള സാമൂഹ്യബോധം വളർത്തുന്ന ഇടമായി കലാലയങ്ങൾ മാറണമെന്നും മുഖ്യമന്ത്രി പറഞ്ഞു. കോളേജിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മലങ്കര കത്തോലിക്കാ സഭയ്ക്കും കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കതോലിക്കാബാവയ്ക്കും കോളേജിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും മുഖ്യമന്ത്രി ആശംസകളും നേർന്നു.

# വൈബ് 4 വെൽനസ്സ് ഇന്ന് ഉദ്ഘാടനം ചെയ്യും



**തിരുവനന്തപുരം:** ആരോഗ്യം ആനന്ദം വൈബ് 4 വെൽനസ്സ് എന്ന പേരിൽ ആരോഗ്യവകുപ്പ് സംഘടിപ്പിക്കുന്ന ജനകീയ ക്യാമ്പയിൻ 2026 ജനുവരി ഒന്നിന് രാവിലെ 11.30 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ക്യാമ്പയിന്റെ ഭാഗമായി കാസർഗോഡ് നിന്ന് ഡിസംബർ 26ന് ആരംഭിച്ച് വിവിധ ജില്ലകളിലൂടെ സഞ്ചരിച്ച് തിരുവനന്തപുരത്ത് എത്തുന്ന വിളമ്പര ജാഥയുടെ സമാപനവും ഇതോടൊപ്പം നടക്കും. ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാർ, മറ്റ് ജനപ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ, പൊതുജനങ്ങൾ, സെലിബ്രിറ്റികൾ എന്നിവർ പങ്കെടുക്കും. എല്ലാ ജില്ലകളിലും പരിപാടികൾ ഉണ്ടായിരിക്കും. അന്നേദിവസം 10 ലക്ഷത്തോളം പേർ പുതുതായി വ്യായാമത്തിലേക്കെത്തും. ആർദ്രം മിഷൻ രണ്ടിന്റെ ഭാഗമായി 10 പ്രധാന പദ്ധതികളാണ് ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നത്. അതിൽ പ്രധാനമാണ് ജീവിതശൈലീ രോഗ പ്രതിരോധം. ആർദ്രം ആരോഗ്യം ജനകീയ ക്യാമ്പയിന്റെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി 30 വയസ് കഴിഞ്ഞവരുടെ സ്ക്രീനിംഗ് നടത്തി. അതിൽ 34 ശതമാനം പേർക്ക് രക്താതിമർദവും 24 ശതമാനം പേർക്ക് പ്രമേഹവും ഉണ്ടെന്നാണ് കണ്ടെത്തൽ. 2025 ഫെബ്രുവരി 4ന് ആരംഭിച്ച് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കിയ 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' എന്ന ബൃഹത് കാൻസർ പ്രതിരോധ ജനകീയ ക്യാമ്പയിനിൽ 20 ലക്ഷത്തിലധികം പേരെ ഇതിനോടകം സ്ക്രീൻ ചെയ്തു കഴിഞ്ഞു. ക്യാമ്പയിന്റെ അടുത്തഘട്ടമായാണ് സുസ്ഥിതിക്ക് (വെൽനസ്സ്) പ്രാധാന്യം നൽകിക്കൊണ്ട് 'ആരോഗ്യം ആനന്ദം വൈബ് 4 വെൽനസ്സ്' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

ആരോഗ്യകരമായ ഭക്ഷണം, മതിയായ വ്യായാമം, കൃത്യമായ ഉറക്കം, ആരോഗ്യ പരിപാലനം എന്നിവയാണവ. 2026ലെ പുതുവത്സര ദിനത്തിൽ ആരോഗ്യത്തിനായി പ്രതിജ്ഞയെടുക്കാനാണ് ഈ ക്യാമ്പയിനിലൂടെ ആഹ്വാനം ചെയ്യുന്നത്.

ആരോഗ്യകരമായ ഭക്ഷണം, മതിയായ വ്യായാമം, കൃത്യമായ ഉറക്കം, ആരോഗ്യ പരിപാലനം എന്നിവയിലൂന്നിയുള്ള ആരോഗ്യകരമായ ജീവിതശൈലി പിന്തുടരുന്നതിന് യുവജനങ്ങളും കുട്ടികളും ഉൾപ്പെടെ എല്ലാവർക്കും പ്രചോദനം നൽകുക, ഈ ലക്ഷ്യം കൈവരിക്കാനാവശ്യമായ സംവിധാനങ്ങൾ ഒരുക്കാൻ സർക്കാർ, തദ്ദേശ സ്ഥാപങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുക എന്നിവയാണ് ലക്ഷ്യം.

ക്യാമ്പയിനിലുടനീളം ആരോഗ്യശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്ന വിവിധ പരിപാടികൾ സംസ്ഥാനത്ത് സംഘടിപ്പിക്കും. സൂമ്പ ഡാൻസ്, സ്കേറ്റിങ്, കളരിപ്പയറ്റ്, പൂരക്കളി, പുലിക്കളി, കായിക ടൂർണമെന്റുകൾ, ആരോഗ്യകരമായ ഭക്ഷണം തയാറാക്കൽ പരിശീലനം, ഭക്ഷ്യ പ്രദർശനങ്ങൾ, വ്യായാമ പരിശീലനം, യോഗ പരിശീലനം, ഫ്ളാഷ് മോബ് തുടങ്ങിയവ ക്യാമ്പയിന്റെ ഭാമായി എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു വരുന്നു. എല്ലാവരും ഈ ക്യാമ്പയിനിൽ പങ്കാളികളാകണം. വ്യായാമം ഓരോരുത്തരുടേയും ജീവിതത്തിന്റെ ഭാഗമാക്കണമെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ഭാരതീയ ചികിത്സാ വകുപ്പ് മേധാവി ഡോ. കെ.എസ്. പ്രീയ, ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിപിൻ ഗോപാൽ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.



# വേമ്പനാട്ടു കായലിൽ കരിമീൻ ലഭ്യത കൂടുന്നു

**കുമരകം:** വേമ്പനാട്ടു കായലിൽ കരിമീൻ ലഭ്യത കൂടുന്നു. വേമ്പനാട്ടു കായലിൽ കഴിഞ്ഞ കുറെ മാസങ്ങളായി കാണാതിരുന്ന കരിമീൻ ഇപ്പോഴിതാ സുലഭം. കായലിൽ വലയിട്ടു മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് കരിമീൻ ലഭ്യത കൂടി. ഇതോടെ കുമരകത്തെ കോട്ടയം വെസ്റ്റ് ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സംഘത്തിൽ കരിമീനിന്റെ വില കുറഞ്ഞു. നേരത്തേ കുമരകത്തെ റിസോർട്ടുകളിലും ഹോട്ടലുകളിലും ആവശ്യത്തിനുള്ള കരിമീൻ കിട്ടാത്ത അവസ്ഥയായിരുന്നു. ലഭ്യത കൂടിയതോടെ കുമരകത്തെ ആവശ്യം കഴിഞ്ഞുള്ള കരിമീൻ, സംഘം പുറം മാർക്കറ്റുകളിൽ എത്തിച്ചു വിൽപന നടത്തുകയാണ്. കുമരകത്ത് തന്നെ കൂടുതൽ കരിമീൻ വിൽപന നടത്താനാണു വില കുറച്ചത്.

പള്ളിച്ചിറയിലെ സംഘത്തിലും മറ്റ് 2 ശാഖകളിലുമായി ദിവസം 1000–1200 കിലോ കരിമീൻ വരെയാണ് എത്തുന്നത്. രണ്ടാഴ്ച മുൻപു വരെ 150 കിലോഗ്രാം പോലും കിട്ടാതിരുന്ന സ്ഥാനത്താണ് ഈ വലിയ വർധന. 2 പേർ ചേർന്നു പോകുന്ന വള്ളത്തിനു 15 കിലോയ്ക്ക് മുകളിൽ കരിമീൻ ലഭിക്കുന്നുണ്ട്. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ അടച്ച് കായലിലെ ഒഴുക്കു നിലച്ചതാണു വലയിട്ട് മത്സ്യബന്ധനം നടത്തുന്ന കരിമീൻ ലഭ്യത കൂടാൻ കാരണമെന്നു തൊഴിലാളികൾ പറഞ്ഞു.

250 ഗ്രാമിനു മുകളിലുള്ള എപ്ലസ് കരിമീനിനു 680 രൂപയിൽനിന്ന് 600 രൂപയായി കുറഞ്ഞു. 150 ഗ്രാമിനു മുകളിലുള്ള എ ഗ്രേഡ് കരിമീനിന് 500 രൂപ(പഴയ വില 580). 100 ഗ്രാമിനു മുകളിലുള്ള ബി ഗ്രേഡിനു 320 രൂപ (പഴയ വില 450). 100 ഗ്രാമിനു താഴെയുള്ള സി ഗ്രേഡ് കരിമീനിന് 240 രൂപ(പഴയ വില 270). സംഘത്തിൽ നിന്നു വാങ്ങുന്നവർക്ക് കരിമീനിന്റെ മുള്ളുകൾ കളഞ്ഞ് വൃത്തിയാക്കി നൽകുന്നതിന് കിലോയ്ക്ക് 30 രൂപ നൽകണം. സംഘത്തിൽനിന്ന് പുതുക്കിയ വില വിവര അറിയിപ്പ് വരെ ഈ വിലയ്ക്കാണു വിൽപന. കരിമീൻ ലഭ്യത കൂടിയാൽ ഇനിയും വില കുറയും. ലഭ്യത കുറഞ്ഞാൽ വില കൂടുമെന്നും സംഘം അറിയിച്ചു.

# കൊച്ചിയിലേക്കുള്ള ട്രെയിൻ സർവീസുകളുടെ എണ്ണം 5 വർഷത്തിനുള്ളിൽ ഇരട്ടിയാകും

**കൊച്ചി:** കേരളത്തിലെ സുപ്രധാന റെയിൽവേ ഹബ്ബായ കൊച്ചി ഉൾപ്പെടെ രാജ്യത്തെ 48 പ്രധാന നഗരങ്ങളിലേക്കുള്ള ട്രെയിൻ സർവീസുകളുടെ എണ്ണം 5 വർഷത്തിനുള്ളിൽ ഇരട്ടിയാക്കാനുള്ള റെയിൽവേ പ്രഖ്യാപനം എറണാകുളം മേഖലയിലെ റെയിൽ വികസനത്തിനു വേഗംകൂട്ടുമെന്നു പ്രതീക്ഷ. എറണാകുളം ടൗൺ റെയിൽവേ സ്റ്റേഷൻ വികസന പദ്ധതികളുടെ ഒന്നാം ഘട്ടം അടുത്ത മേയ് മാസത്തോടെ കമ്മിഷൻ ചെയ്യാനാണു ദക്ഷിണ റെയിൽവേയുടെ ശ്രമം. എറണാകുളം ജംക്ഷൻ സ്റ്റേഷൻ നവീകരണ പദ്ധതിയുടെ റീടെൻഡർ നടപടികൾ പൂർത്തിയായി; നിർമാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും.




തൃപ്പൂണിത്തുറ അമൃത് ഭാരത് സ്റ്റേഷൻ വികസനപ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. 3 സ്റ്റേഷനുകളിലും ഒട്ടേറെ നിർമാണ പ്രവർത്തനങ്ങളാണു പല ഘട്ടങ്ങളിലുള്ളത്. രണ്ടു ഘട്ടങ്ങളിലായി 150.28 കോടി രൂപ ചെലവിലാണു ടൗൺ സ്റ്റേഷന്റെ നവീകരണം ആസൂത്രണം ചെയ്തത്. ആദ്യഘട്ട നിർമാണപ്രവർത്തനങ്ങളാണു സ്റ്റേഷന്റെ തെക്കു ഭാഗത്തു പുരോഗമിക്കുന്നത്. സ്റ്റാഫ് ക്വാർട്ടേഴ്സ്, പാഴ്സൽ ഓഫിസ്, ഡ്യൂട്ടി എസ്എം റൂം, സബ്സ്റ്റേഷൻ, ഒഎഫ്സി റൂമുകൾ തുടങ്ങിയ നിലവിലുള്ള സൗകര്യങ്ങൾ നിർമാണം സുഗമമാക്കുന്നതിനായി മാറ്റി സ്ഥാപിച്ചു. വെസ്റ്റ് ടെർമിനൽ ബിൽഡിങ്ങിന്റെ ആർസിസി സ്ട്രക്ച്ചറൽ ജോലികൾ പൂർത്തിയാക്കി.

ഫിനിഷിങ് ജോലികൾ പുരോഗമിക്കുന്നു. ഗ്രൗണ്ട് ഉൾപ്പെടെ 7 നിലകളുള്ള മൾട്ടി ലെവൽ കാർ പാർക്കിങ്ങിന്റെ ആർസിസി സ്ട്രക്ച്ചറൽ ജോലികൾ പൂർത്തിയായി; അഗ്നിരക്ഷാ, പെയിന്റിങ്, ഫിനിഷിങ് ജോലികളാണു നടക്കുന്നത്. 200 കാറുകൾക്കുള്ള പാർക്കിങ് സൗകര്യം ഇവിടെയുണ്ടാകും.12 മീറ്റർ വീതിയുള്ള കാൽനട മേൽപാലത്തിന്റെ അടിത്തറ ജോലികൾ പൂർത്തിയായി. കാക്കനാടിയിലെ വർക്ഷോപ്പിലാണു പാലം ഫാബ്രിക്കേഷൻ ജോലികൾ പുരോഗമിക്കുന്നത്. പ്ലാറ്റ്ഫോം രണ്ടിൽ പുതിയ ശുചിമുറി കെട്ടിടത്തിന്റെ നിർമാണം നടക്കുന്നു. നിലവിലുള്ള സ്റ്റേഷൻ ഓഫിസുകളും യാത്രക്കാരുടെ പ്രവർത്തനങ്ങളും പൂർത്തിയാകുന്ന കെട്ടിടത്തിലേക്കു മാറ്റുന്നതോടെ വടക്കുഭാഗത്തുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റും.

## ഐഎസ്പിഎസ് കൺവെൻഷനിൽ പുരസ്കാരങ്ങൾ കരസ്ഥമാക്കി കുസാറ്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, ആന്ധ്ര പ്രദേശിലെ വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സ്കൂൾ ഓഫ് അഡ്വാൻസ്ഡ് സയൻസസിന്റെ ഗണിതശാസ്ത്ര വിഭാഗത്തിൽ സംഘടിപ്പിച്ച ഇന്ത്യൻ സൊസൈറ്റി ഫോർ പ്രൊബബിലിറ്റി ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ 45ാം വാർഷിക കൺവെൻഷനിൽ നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും കരസ്ഥമാക്കി.

കൺവെൻഷനിൽ, സ്റ്റാറ്റിസ്റ്റിക്കൽ ഗവേഷണ രംഗത്തെ ശ്രദ്ധേയമായ സംഭാവനകൾക്കുള്ള അംഗീകാരമായി സീനിയർ പ്രൊഫസർ ഡോ. എസ്. എം. സുനോജിന് 2025ലെ പ്രൊഫ. കെ. ശ്രീനിവാസ റാവു ബെസ്റ്റ് റിസർചർ അവാർഡ് സമ്മാനിച്ചു. അവാർഡ് തുക, പ്രശസ്തിപത്രം, ഷാൾ, ഫലകം എന്നിവ അടങ്ങുന്നതാണ് പുരസ്കാരം.

അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഇർഷാദ് എം. ആർ.ന് ശ്രദ്ധേയമായ ഗവേഷണ നേട്ടങ്ങൾ പരിഗണിച്ച് 2025ലെ ഡോ. സി. ആർ. റാവു ഗോൾഡ് മെഡൽ നൽകി ആദരിച്ചു. റിസർച്ച് സ്കോളറായ പവിത്ര ഹരിഹരൻ സ്റ്റാറ്റിസ്റ്റിക്സ് രംഗത്തെ പ്രതീക്ഷാജനകമായ സംഭാവനകൾക്കായി യംഗ് സ്റ്റാറ്റിസ്റ്റീഷ്യൻ അവാർഡ് (പ്രൊഫ. ജെ. സേതുരാമൻ ഗോൾഡ് മെഡൽ) നേടി. നാലാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സിലെ വിദ്യാർത്ഥികളായ ദിയ സോമിച്ചൻ, കെയിൻസ് മാത്യു ബിനോയ്, മെർലിൻ ടി. ബെന്നി എന്നിവർ എം.എസ്.സി. സ്റ്റുഡന്റ് പ്രോജക്ട് മത്സരത്തിൽ 2025 ഒന്നാം സ്ഥാനം നേടി. കൂടാതെ, റിസർച്ച് സ്കോളറായ ഡോ. നമിത സുരേഷ് മികച്ച ഡോക്ടറൽ തീസിസിനുള്ള പ്രൊഫ. എ. ആർ. കാമത്ത് അവാർഡ് – 2025 മത്സരത്തിൽ രണ്ടാം സ്ഥാനം നേടി.

## കുസാറ്റ്: വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല പോളിമർ സയൻസ് ആൻഡ് റബർ ടെക്നോളജി വകുപ്പിൽ താത്കാലിക നിയമനത്തിനായി ധനസഹായത്തോടെ നടത്തുന്ന ഗവേഷണ പദ്ധതിയിൽ ഇന്റേൺഷിപ്പ് ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

ജനുവരി മുതൽ ഫെബ്രുവരി 2026 വരെ രണ്ട് മാസകാലയളവിലാണ് ഇന്റേൺഷിപ്പ് നടക്കുന്നത്. ഇന്റേർഷിപ്പിന്റെ 2 ഒഴിവുകളിൽ, ഒരു ഒഴിവ് നിലവിൽ ബിരുദാനന്തര ബിരുദം തുടരുന്ന വിദ്യാർത്ഥികൾക്കായാണ്. പോളിമർ ടെക്നോളജി ഉള്ളവർക്ക് മുൻഗണന. രണ്ടാമത്തെ ഒഴിവ് നിലവിൽ ബിരുദ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായാണ്. പോളിമർ ടെക്നോളജി വിദ്യാർത്ഥികൾക്ക് മുൻഗണന.

കുസാറ്റ് വിദ്യാർത്ഥികൾക്കും മറ്റു സർവകലാശാലകളിലെ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. താല്പര്യമുള്ള വിദ്യാർഥികൾ sailajags@cusat.ac.in എന്ന വിലാസത്തിലേക്ക് വിശദമായ ബയോഡാറ്റ ജനുവരി 3ന് മുൻപായി ലഭിക്കത്തക്കവിധം അയക്കുക. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് വാക്ക് ഇൻ ഇന്റർവ്യൂ ജനുവരി 6ന് രാവിലെ 11 മണിക്ക് പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പിൽ നടക്കും.

## കുസാറ്റ്: ഇൻസ്ട്രക്ടർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സെൻറർ ഫോർ സയൻസ് ഇൻ സൊസൈറ്റിയിൽ സ്കൂൾ കുട്ടികൾക്കായി നടത്തുന്ന ശാസ്ത്ര പരിപാടിയിൽ ഇൻസ്ട്രക്ടർമാരുടെ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ദിവസവേതന അടിസ്ഥാനത്തിലാണ് നിയമനം. ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ ബിരുദമാണ് യോഗ്യത. കളമശേരി പ്രദേശത്തുള്ളവർക്ക് മുൻഗണന. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ csiscusat@gmail.com എന്ന വിലാസത്തിലേക്ക് വിശദമായ ബയോഡാറ്റ ജനുവരി 9ന് മുൻപായി ലഭിക്കത്തക്കവിധം അയക്കുക. ഫോൺ: 9188219863.

## തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം 2024: അവസാന തിയ്യതി 2026 ജനുവരി 8


**തിരുവനന്തപുരം:** സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ കഴിവും ഉത്പാദനക്ഷമതയും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ തൊഴിലാളി ശ്രേഷ്ഠ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. https://lc.kerala.gov.in/ എന്ന വെബ്സൈറ്റിലെ തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം 2024 എന്ന ലിങ്കിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയ്യതി 2026 ജനുവരി 8. സെക്യൂരിറ്റി ഗാർഡ്, ചുമട്ട് തൊഴിലാളി, നിർമ്മാണ തൊഴിലാളി, കള്ളുചെത്ത് തൊഴിലാളി, മരം കയറ്റ തൊഴിലാളി, തയ്യൽ തൊഴിലാളി, കയർ തൊഴിലാളി, കശുവണ്ടി തൊഴിലാളി, മോട്ടോർ തൊഴിലാളി, സെയിൽസ് മാൻ/സെയിൽസ് വുമൺ, നേഴ്സ്, ഗാർഹിക തൊഴിലാളി, ടെക്സ്റ്റൈൽ മിൽ തൊഴിലാളി, കരകൗശല വൈവിധ്യ പാരമ്പര്യ തൊഴിലാളികൾ, മാനുഫാക്ച്ചറിങ് പ്രോസസിംഗ് മേഖലയിലെ തൊഴിലാളികൾ, മൽസ്യ ബന്ധന വില്പന തൊഴിലാളികൾ, ഐ റ്റി, ബാർബർ ബ്യൂട്ടീഷ്യൻ, പാചക തൊഴിലാളി എന്നീ മേഖലകളിലുള്ളവർക്ക് അപേക്ഷിക്കാം.മേഖലകളിലെ ഓരോ മികച്ച തൊഴിലാളിക്കും 1,00,000 രൂപയും പ്രശസ്തിപത്രവും മെമന്റോയും പുരസ്കാരമായി നൽകും. രണ്ടാം സ്ഥാനക്കാർക്ക് 10,000 രൂപ വീതവും മൂന്നാം സ്ഥാനക്കാർക്ക് 5,000 രൂപ വീതവുമാണ് പുരസ്കാരം.



# മണ്ഡലകാലത്ത് ദർശനം നടത്തിയത് 36,33,191 പേർ

**ശബരിമല:** മണ്ഡലകാലത്ത് സന്നിധാനത്ത് ദർശനം നടത്തിയത് 36,33,191 തീർഥാടകർ. ഇതിൽ 30,91,183 പേർ വെർച്വൽ ക്യൂ വഴിയും 4,12,075 പേർ സ്പോട് ബുക്കിങ് വഴിയുമാണ് ദർശനം നടത്തിയത്. പുല്ലുമേട് വഴി 1,23,933 പേർ ദർശനം നടത്തി. കഴിഞ്ഞ വർഷം മണ്ഡലകാലത്ത് 32,49,756 പേർ ദർശനം നടത്തി. കഴിഞ്ഞ വർഷത്തേക്കാൾ ഇത്തവണ 3,83,435 പേർ അധികമായി എത്തിയതായാണ് പൊലീസിന്റെ കണക്ക്.

# ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് 'ഗജ്' ക്രെഡിറ്റ് കാർഡ് പുറത്തിറക്കി




**കൊച്ചി:** ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് തന്റെ പ്രൈവറ്റ് ബാങ്കിംഗ് ഉപഭോക്താക്കൾക്കായി 'ഗജ്' എന്ന പേരിൽ പ്രീമിയം മെറ്റൽ ക്രെഡിറ്റ് കാർഡ് പുറത്തിറക്കി. അശ്വ-മയൂര-ഗജ് എന്ന ബാങ്കിന്റെ പ്രീമിയം കാർഡ് പരമ്പരയിലെ ഏറ്റവും ഉയർന്ന ശ്രേണിയിലാണ് ഈ കാർഡ്. ടിൻ എലിഫന്റ് മോറ്റിഫോടുകൂടിയ ആകർഷകമായ മെറ്റൽ ഡിസൈനാണ് 'ഗജ്' ക്രെഡിറ്റ് കാർഡിന്റെ പ്രധാന സവിശേഷത. തിരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായി മാത്രമുള്ള ഈ കാർഡിന് 12,500 പ്ലസ് ജിഎസ്ടി എന്നതാണ് ജോയിനിംഗ്, വാർഷിക ഫീസ്. ജോയിനിംഗിനൊപ്പം ലഭിക്കുന്ന 12,500 റിവാർഡ് പോയിന്റുകൾ വഴി ഈ ഫീസ് ഫലപ്രദമായി ഓഫ്സെറ്റ് ചെയ്യാം. വാർഷിക ചെലവ് 10 ലക്ഷം കവിയുന്ന പക്ഷം വാർഷിക ഫീസ് ഒഴിവാക്കും. സീറോ ഫോറിൻ എക്സ്ചേഞ്ച് മാർക്ക് അപ്പ്, 1 :1 റിവാർഡ് ഘടന, പ്രീമിയം ട്രാവൽ, ലൈഫ്സ്റ്റൈൽ ആനുകൂല്യങ്ങൾ എന്നിവയും കാർഡിന്റെ സവിശേഷതകളാണ്.

# 2850 കോടി രൂപയുടെ വിൽപ്പനയുമായി സന്തൂർ




**കൊച്ചി:** വിപ്രോ കൺസ്യൂമർ കെയർ ആൻഡ് ലൈറ്റിംഗിൽ നിന്നുള്ള സന്തൂർ സോപ്പ് 2850 കോടി രൂപയുടെ വിൽപ്പന നേട്ടവുമായി ഇന്ത്യയിലെ ഏറ്റവും വലിയ സോപ്പ് ബ്രാൻഡായി മാറിയതായി വിപ്രോ കൺസ്യൂമർ കെയർ ആൻഡ് ലൈറ്റിംഗിന്റെ സിഇഒയും വിപ്രോ എന്റർ പ്രൈസസിന്റെ മാനേജിംഗ് ഡയറക്ടറുമായ വിനീത് അഗർവാൾ പറഞ്ഞു.

1985 ൽ പുറത്തിറക്കിയ സന്തൂർ ബ്രാൻഡ് 2018 ആയപ്പോഴേക്കും, 2,000 കോടി രൂപയുടെ വിൽപ്പന എന്ന നാഴികക്കല്ല് പിന്നിട്ട് മൂല്യത്തിൽ ഇന്ത്യയിലെ രണ്ടാമത്തെ വലിയ സോപ്പ് ബ്രാൻഡായി മാറി. ഇന്ന് ഏകദേശം 2,850 രൂപ കോടി വാർഷിക വരുമാനവുമായി ഈ ബ്രാൻഡ് ഇന്ത്യയിലെ ഏറ്റവും വലിയ സോപ്പ് ബ്രാൻഡായി മാറിയിരിക്കുകയാണ്.

സന്തൂർ ഇന്ത്യയിലെ ഏറ്റവും വലിയ സോപ്പ് ബ്രാൻഡായി മാറുന്നത് വളരെ അഭിമാനകരമായ നിമിഷമാണെന്നും വിനീത് അഗർവാൾ പറഞ്ഞു.



# മറൈൻ ഡ്രൈവിൽ നിരണം ജേതാക്കൾ; ഒന്നാം സ്ഥാനത്ത് വീയപുരം തന്നെ

**കൊച്ചി:** സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ചുണ്ടൻ വള്ളങ്ങളുടെ ഐപിഎൽ മാതൃകയിലുള്ള ലീഗ് മത്സരമായ ചാമ്പ്യൻസ് ബോട്ട് ലീഗ് അഞ്ചാം സീസണിൽ എറണാകുളം മറൈൻ ഡ്രൈവിൽ നടന്ന പത്താം മത്സരത്തിൽ നിരണം ബോട്ട് ക്ലബ്ബ് അട്ടിമറി വിജയം നേടിയെങ്കിലും വില്ലേജ് ബോട്ട് ക്ലബ് തുഴഞ്ഞ വീയപുരം ക്ലബ്ബ് ഒന്നാം സ്ഥാനത്ത് തുടരുന്നു. അപ്രതീക്ഷിതമായിട്ടാണ് നിരണം ബോട്ട് ക്ലബ് തുഴഞ്ഞ നിരണം ചുണ്ടൻ(4:10:064 മിനിറ്റ്) മറൈൻ ഡ്രൈവിൽ നടന്ന മൽസരത്തിൽ ജേതാക്കളായത്. അഞ്ചാം സീസണിൽ തുടർച്ചയായ ഒമ്പത് വിജയങ്ങളുമായി കടന്നു വന്ന വില്ലേജ് ബോട്ട് ക്ലബ് തുഴഞ്ഞ വീയപുരത്തിന്റെ അപ്രമാദിത്യമാണ് നിരണം ചുണ്ടൻ കടപുഴക്കിയത്. പുന്നമട ബോട്ട്ക്ലബ് തുഴഞ്ഞ നടുഭാഗം മൂന്നാമതെത്തി.

സിബിഎൽ ചരിത്രത്തിൽ തന്നെ ആദ്യമായി ട്രിപ്പിൾ ഹാട്രിക് നേടി പത്താമത് വിജയത്തിനായി തുഴഞ്ഞെത്തിയ വീയപുരത്തിന് കൊച്ചിക്കായലിൽ അടിതെറ്റുന്ന കാഴ്ചയാണ് കണ്ടത്. മൈക്രോസെക്കന്റുകൾക്കപ്പുറമായിരുന്നു നിരണത്തിന്റെ വിജയം. നവംബർ 29 ന് കല്ലടയിൽ നടന്ന അവസാന മത്സരത്തിൽ നെട്ടായത്തിന്റെ മുക്കാൽ ഭാഗത്തും ഒപ്പത്തിനൊപ്പം നിന്നിട്ടും അവസാന 20 മീറ്ററിൽ പുറകോട്ട് പോയ തെറ്റിന് മറൈൻ ഡ്രൈവിലെ ജനസഹസ്രത്തെ സാക്ഷി നിറുത്തി നിരണം പ്രായച്ഛിത്തം ചെയ്തു. കിണഞ്ഞ് പരിശ്രമിച്ചെങ്കിലും അവസാന ഒരിഞ്ച് ദൂരത്തിൽ വീയപുരത്തിന്റെ തുഴപ്പിടിയിൽ നിന്ന് മത്സരം കൈവിട്ടുപോയി(4:10:119 മിനിറ്റ്). ഏതാണ്ട് ഒപ്പത്തിനൊപ്പം തന്നെ തുഴഞ്ഞെത്തിയ നടുഭാഗത്തിന് അവസാന പത്തു മീറ്ററിൽ ഫിനിഷ് ലൈൻ എത്തിപ്പിടിക്കാനായില്ല(4:11:159 മിനിറ്റ്). സിബിഎൽ മത്സരത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് പത്തനംതിട്ട ജില്ലയിൽ നിന്ന് ഒരു ചുണ്ടൻ ലീഗ് മത്സരത്തിൽ ചാമ്പ്യന്മാരാകുന്നത്. മേൽപ്പാടം ചുണ്ടൻ(പള്ളാത്തുരുത്തി ബോട്ട് ക്ലബ്) നാല്, നടുവിലേപറമ്പൻ(ഇമ്മാനുവേൽ ബോട്ട് ക്ലബ്) അഞ്ച്, കാരിച്ചാൽ (കാരിച്ചാൽ ചുണ്ടൻ ബോട്ട് ക്ലബ്കെസിബിസി)ആറ്, ചെറുതന (തെക്കേക്കര ബോട്ട് ക്ലബ്) ഏഴ്, ചമ്പക്കുളം (ചങ്ങനാശേരി ബോട്ട് ക്ലബ്) എട്ട്, പായിപ്പാടൻ (കുമരകം ടൗൺ ബോട്ട് ക്ലബ്) ഒമ്പത് എന്നിങ്ങനെയാണ് മറൈൻ ഡ്രൈവിലെ ഫിനിഷ് നില. പത്ത് മത്സരങ്ങൾ പിന്നിടുമ്പോൾ വില്ലേജ് ബോട്ട് ക്ലബ് തുഴയുന്ന വീയപുരം ചുണ്ടൻ 99 പോയിന്റുമായി ഒന്നാം സ്ഥാനത്തുണ്ട്. 84 പോയിന്റുമായി പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴയുന്ന മേൽപ്പാടം ചുണ്ടനാണ് രണ്ടാം സ്ഥാനത്ത്. 76 പോയിന്റുമായി നിരണം ബോട്ട് ക്ലബ് തുഴയുന്ന നിരണം ചുണ്ടൻ മൂന്നാം സ്ഥാനം ഉറപ്പിച്ചു. 72 പോയിന്റോടെ പുന്നമട ബോട്ട് ക്ലൂബ് തുഴയുന്ന നടുഭാഗം ചുണ്ടൻ നാലാം സ്ഥാനത്തുമുണ്ട്. നടുവിലേപറമ്പൻ(ഇമ്മാനുവേൽ ബോട്ട് ക്ലബ്) അഞ്ച്, കാരിച്ചാൽ (കാരിച്ചാൽ ചുണ്ടൻ ബോട്ട് ക്ലബ്കെസിബിസി) ആറ്, ചെറുതന (തെക്കേക്കര ബോട്ട് ക്ലബ്) ഏഴ്, പായിപ്പാടൻ (കുമരകം ടൗൺ ബോട്ട് ക്ലബ്) എട്ട്, ചമ്പക്കുളം (ചങ്ങനാശേരി ബോട്ട് ക്ലബ്) ഒമ്പത് എന്നിങ്ങനെയാണ് ബാക്കി പോയിന്റ് നില.ഫൈനൽ മത്സരങ്ങൾ കൊല്ലം പ്രസിഡന്റ്സ് ട്രോഫിയോടെയാണ് നടക്കുന്നത്. അഞ്ചാം സീസണിലെ ജേതാവിനുള്ള ചാമ്പ്യൻഷിപ്പും അന്ന് സമ്മാനിക്കും.

ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ക്ലബിന് 25 ലക്ഷവും രണ്ടാം സ്ഥാനം നേടുന്നവർക്ക് 15 ലക്ഷവും മൂന്നാം സ്ഥാനത്തെത്തുന്ന ക്ലബിന് 10 ലക്ഷം രൂപയും സമ്മാനമായി ലഭിക്കും. ഓരോ മത്സരവേദികളിലും വിജയികളാകുന്നവരിൽ ഒന്നാം സ്ഥാനക്കാർക്ക് അഞ്ച് ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് മൂന്ന് ലക്ഷവും മൂന്നാം സ്ഥാനക്കാർക്ക് ഒരു ലക്ഷം രൂപയും ലഭിക്കും. ബോണസായി ഓരോ ടീമിനും നാല് ലക്ഷം രൂപ വീതവും നീക്കിവച്ചിട്ടുണ്ട്.

# കൊഴുപ്പുകളുടെയും പാം ഓയിലിന്റെയും ഉപയോഗം; ക്രമീകരണം അത്യന്താപേക്ഷിതമെന്ന് വിദഗ്ധർ

**അഹമ്മദാബാദ്:** കൊഴുപ്പുകളുടേയും പാം ഓയിലിന്റേയും ഉപയോഗത്തിൽ ക്രമീകരണം അത്യന്താപേക്ഷിതമാണെന്ന് ആരോഗ്യ വിദഗ്ധർ. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (ഐഎംഎ) 100ാമത് ദേശീയ സമ്മേളനമായ നാറ്റ്കോൺ 2025ലാണ് ആരോഗ്യ വിദഗ്ദർ ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. ഭക്ഷണ കൊഴുപ്പുകളും ഹൃദ്രോഗവും തമ്മിലുള്ള ശാസ്ത്രീയ തെളിവുകൾ അടിസ്ഥാനമാക്കി പുതിയ പഠനങ്ങൾ ആവശ്യമാണെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. കാലങ്ങളായി നിലനിന്നിരുന്ന ചില ധാരണകൾ ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കണമെന്നും സമ്മേളനം ചൂണ്ടിക്കാട്ടി. ഇന്ത്യയിലുടനീളമുള്ള വിദഗ്ധരായ ആയിരക്കണക്കിന് ഡോക്ടർമാരും ഗവേഷകരും സമ്മേളനത്തിൽ പങ്കെടുത്തു. പൊതുജനാരോഗ്യ കാഴ്ചപ്പാടുകളേയും ക്ലിനിക്കൽ പ്രവർത്തനങ്ങളേയും രൂപപ്പെടുത്തുന്ന വേദിയായി സമ്മേളനം മാറി.

ഭക്ഷണത്തിലെ കൊഴുപ്പുകളും പാം ഓയിലും ഉണ്ടാക്കുന്ന കാർഡിയോമെറ്റബോളിക് ഇടപെടലുകളുടെ ക്ലിനിക്കൽ തെളിവുകളും ആഗോള ഗവേഷണങ്ങളെ അടിസ്ഥാനമാക്കിയുള്ള രണ്ട് വിദഗ്ധ സെക്ഷനുകളും ഡോ.വരുൺ ബൻസാൽ, ഡോ.കേതൻ മേത്ത എന്നിവരുടെ നേതൃത്വത്തിൽ സമ്മേളനത്തിൽ വിശകലനം ചെയ്തു.



സംതൃപ്ത കൊഴുപ്പുകളും ഹൃദ്രോഗവും തമ്മിൽ നേരിട്ടുള്ള ബന്ധത്തെക്കുറിച്ച് നിലവിലുള്ള ധാരണകളെ ചോദ്യം ചെയ്ത് ഡോ. വരുൺ ബൻസാൽ വിഷയം അവതരിപ്പിച്ചു. വിവിധ രാജ്യങ്ങളിൽ നടത്തിയ പഠനങ്ങൾ ഉദ്ധരിച്ച്, സംതൃപ്ത കൊഴുപ്പുകൾ എല്ലാം ഒരേ തരത്തിലുള്ളതല്ലെന്നും ഹൃദയാരോഗ്യത്തിലെ അപകടസാധ്യതയെ സ്വാധീനിക്കുന്നത് മൊത്തത്തിലുള്ള ഭക്ഷണ രീതി, ജീവിതശൈലി, ആകെ കലോറി ഉപയോഗം തുടങ്ങിയ ഘടകങ്ങളാണെന്നും അദ്ദേഹം വ്യക്തമാക്കി. ചില കൊഴുപ്പുകൾ കൊളസ്ട്രോൾ കുറയ്ക്കാൻ സഹായിക്കാമെങ്കിലും, ഹൃദ്രോഗം മൂലമുള്ള മരണനിരക്ക് കുറയ്ക്കുമെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെന്നും ട്രാൻസ് ഫാറ്റുകളുമായി താരതമ്യം ചെയ്യുമ്പോൾ പാം ഓയിൽ കൂടുതൽ അനുകൂലമായ ഫലങ്ങൾ കാണിക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കാലങ്ങളായി നിലനിൽക്കുന്ന ഭക്ഷണക്രമങ്ങളെ നിലവിലെ ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പുനർമൂല്യ നിർണയം ചെയ്യാനുള്ള അഭിപ്രായങ്ങളാണ് ചർച്ചയിൽ ഉടനീളം പ്രകടമായത്. ഹൃദയാരോഗ്യവും മെറ്റബോളിക് ആരോഗ്യവും സംബന്ധിച്ച ശാസ്ത്രീയ തെളിവുകൾ ആഹാര മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനായി ശാസ്ത്രീയ സംവാദങ്ങൾക്കുള്ള ഒരു തുറന്ന വേദിയായി ചർച്ചകൾ മാറി.

സൊസൈറ്റി ടുഡേ SOCIETY TODAY



# ഇലക്ട്രിക് വാഹനങ്ങൾക്ക് ബൈബാക്ക്; പദ്ധതി അവതരിപ്പിച്ച് എം.ജി മോട്ടോർ

**കൊച്ചി:** ഇലക്ട്രിക് വാഹനങ്ങളുടെ ഉടമസ്ഥതയും ഉപയോഗവും കൂടുതൽ എളുപ്പവും ആശങ്കകളില്ലാത്തതുമാക്കാൻ ആകർഷകമായ പുതിയ അഷ്വേർഡ് ബൈബാക്ക് പദ്ധതി പ്രഖ്യാപിച്ച് ജെഎസ്ഡബ്ല്യു എം.ജി മോട്ടോർ ഇന്ത്യ.


ഇലക്ട്രിക് വാഹന വ്യവസായ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരമൊരു പദ്ധതി ഒരു കമ്പനി അവതരിപ്പിക്കുന്നതെന്ന് ജെഎസ്ഡബ്ല്യു എം.ജി മോട്ടോർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടർ അനുരാഗ് മെഹ്രോത്ര പറഞ്ഞു. നിലവിൽ അഞ്ചുവർഷത്തേക്കാണ് അഷ്വേർഡ് ബൈബാക്ക് പദ്ധതി വിപുലീകരിച്ചിരിക്കുന്നത്. ഇതോടെ ഇവി വാഹനങ്ങൾക്ക് നിശ്ചിത കാലാവധിക്ക് ശേഷം ഉറപ്പുള്ള റീസെയിൽ വാല്യൂ നൽകുന്ന രാജ്യത്തെ ആദ്യ കാർ ബ്രാൻഡായി എം.ജി മോട്ടോർ മാറി. പുതിയ പദ്ധതിപ്രകാരം ഉപഭോക്താക്കൾ തെരഞ്ഞെടുക്കുന്ന പ്ലാനിന് അനുസരിച്ച് മൂന്ന്, നാല്, അഞ്ച് വർഷങ്ങൾക്കു ശേഷം ഉറപ്പുള്ള റീസെയിൽ വാല്യൂ ലഭിക്കും. മൂന്നുവർഷത്തിനുശേഷം 60 ശതമാനം ബൈബാക്ക് മൂല്യം ഉറപ്പുനൽകുന്നതാണ് നിലവിലെ പദ്ധതി. മൂന്നുവർഷം വരെ പഴക്കമുള്ളതോ വർഷത്തിൽ പരമാവധി 60,000 കിലോമീറ്റർ വരെ ഉപയോഗിച്ചിട്ടുള്ളതോ ആയ വാഹനങ്ങൾക്ക് ഈ പദ്ധതിയുടെ ഭാഗമാകാൻ സാധിക്കും. വാഹനത്തിന്റെ മൂല്യനഷ്ടത്തെക്കുറിച്ചുള്ള ആശങ്ക കുറയ്ക്കാനും, പുതിയ ഇ.വി മോഡലിലേക്ക് എളുപ്പത്തിൽ മാറാനും പദ്ധതി സഹായിക്കുമെന്നും അനുരാഗ് മെഹ്രോത്ര പറഞ്ഞു. തെരഞ്ഞെടുത്ത കാലാവധിയുടെ അവസാനം ഉപഭോക്താക്കൾക്ക് വാഹനം തുടർന്ന് ഉപയോഗിക്കാനോ തിരിച്ചു നൽകാനോ പുതിയ ഇലക്ട്രിക് വാഹനവുമായി എക്സ്ചേഞ്ച് ചെയ്യാനോ അവസരമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

# സ്റ്റാർട്ടപ്പുകൾക്കായി കൊച്ചിയിൽ മികച്ച തൊഴിലിടങ്ങൾ; സർവ്വേയുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ

**കൊച്ചി:** സ്റ്റാർട്ടപ്പുകൾ, സൂക്ഷ്മ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയുടെ മാറിക്കൊണ്ടിരിക്കുന്ന തൊഴിലിട ആവശ്യങ്ങൾ ഫലപ്രദമായി മനസ്സിലാക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം) കൊച്ചിയിൽ 'വർക്ക്സ്പേസ് ഡിമാൻഡ് സർവ്വേ' ആരംഭിച്ചു. സംരംഭകരുടെ ആവശ്യങ്ങൾക്ക് ഇണങ്ങുന്നതും, ചിലവ് കുറഞ്ഞതും, ഭാവിക്കനുയോജ്യവുമായ ഫ്ലെക്സിബിൾ തൊഴിലിടങ്ങൾ കൊച്ചിയിൽ സജ്ജമാക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടി.

സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ വളരുന്നതിനൊപ്പം തൊഴിലിടങ്ങളെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും ആവശ്യങ്ങളും അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഒറ്റയാൾ സംരംഭങ്ങളിൽ നിന്ന് വലിയ ടീമുകളിലേക്കുള്ള വളർച്ചയിൽ സഹായകമാകുന്ന, പരസ്പര സഹകരണത്തോടെ പ്രവർത്തിക്കാൻ സാധിക്കുന്ന അടിസ്ഥാന സൗകര്യങ്ങളാണ് വർത്തമാനകാല ആവശ്യം. നിലവിലെ തൊഴിലിടങ്ങളുടെ രീതി, ഭാവിയിലെ ആവശ്യങ്ങൾ, കോവർക്കിംഗ് സ്പേസുകൾ, സ്വകാര്യ ഓഫീസുകൾ, ഇൻകുബേഷൻ സ്പേസുകൾ തുടങ്ങിയവയിൽ ഏതാണ് അഭികാമ്യമെന്ന് സർവേയിലൂടെ അറിയാനാകും. അതിവേഗ ഇന്റർനെറ്റ്, പ്രോട്ടോടൈപ്പിംഗ് സൗകര്യങ്ങൾ, മീറ്റിംഗ് റൂമുകൾ തുടങ്ങിയ സൗകര്യങ്ങളുടെ ആവശ്യകത തുടങ്ങിയവയെക്കുറിച്ചുള്ള അഭിപ്രായങ്ങളാണ് സർവ്വേയിലൂടെ തേടുന്നത്.

സർവ്വേയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും കൊച്ചിയിൽ വരാനിരിക്കുന്ന പുതുതലമുറ സ്റ്റാർട്ടപ്പ് ഹബ്ബുകളുടെ ആസൂത്രണവും വികസനവും നടപ്പിലാക്കുക. സംരംഭകർക്ക് താങ്ങാവുന്ന നിരക്കിൽ മികച്ച സൗകര്യങ്ങൾ ലഭ്യമാക്കാൻ ഇത് സഹായിക്കും. സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥി സംരംഭകർ, ഫ്രീലാൻസർമാർ, ചെറുകിട സംരംഭകർ എന്നിവർ അവസരം പ്രയോജനപ്പെടുത്തി അഭിപ്രായങ്ങൾ രേഖപ്പെടുത്തണമെന്ന് സ്റ്റാർട്ടപ്പ് മിഷൻ അഭ്യർത്ഥിച്ചു. കേരളത്തിന്റെ സംരംഭകത്വ മേഖലയെ ശക്തിപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സർവ്വേയിൽ പങ്കെടുക്കാം.



# സാമ്പത്തിക സാക്ഷരത; വാണിജ്യ പദ്ധതിയുമായി ഐസിഎഐ

**കൊച്ചി:** സ്കൂൾ വിദ്യാഭ്യാസത്തിൽ സാമ്പത്തിക സാക്ഷരതയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നതിനായി ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ 'പ്രോജക്ട് വാണിജ്യ' പദ്ധതി അവതരിപ്പിച്ചു. ആറാം ക്ലാസ് മുതൽ വിദ്യാർത്ഥികളിൽ ധനകാര്യ സാക്ഷരത, സംരംഭക മനോഭാവം എന്നിവ വളർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഐസിഎഐയുടെ ഭാഗമായ കമ്മിറ്റി ഓൺ കരിയർ കൗൺസലിംഗാണ് പദ്ധതി നടപ്പാക്കുക. 2047ഓടെ ഇന്ത്യ വികസിത രാഷ്ട്രമാകാനുള്ള യാത്രയിൽ നിർണായക പങ്ക് വഹിക്കുന്ന ദേശീയ സംരംഭമായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. രാജ്യത്തെ 17 സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ബോർഡുകളുടെ മുതിർന്ന നേതാക്കളും പ്രതിനിധികളും പങ്കെടുത്ത ഡൽഹിയിലെ ദേശീയതല പരിപാടിയിലാണ് പദ്ധതി പ്രഖ്യാപിച്ചത്. ഐസിഎഐ പ്രസിഡന്റ് ചരൺജോത് സിങ് നന്ദ, വൈസ് പ്രസിഡന്റ് പ്രസന്ന കുമാർ ഡി, സിസിസി ചെയർമാൻ ദുർഗേഷ് കുമാർ കാബ്ര, വൈസ് ചെയർമാൻ പങ്കജ് ഷാ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വാണിജ്യം, വ്യാപാരം, ബാങ്കിങ്, പണം കൈകാര്യം ചെയ്യൽ, നികുതി സംവിധാനം, ധാർമ്മിക ബിസിനസ് രീതികൾ എന്നിവയെക്കുറിച്ചുള്ള നേരത്തെയുള്ള അറിവ് വിദ്യാർത്ഥികളിൽ ആത്മവിശ്വാസവും ദിശാബോധവും വളർത്തുന്നതിന് സഹായകരമാകുമെന്ന് ചരൺജോത് സിങ് നന്ദ പറഞ്ഞു.

# ജനറൽ ഇൻഷൂറൻസ് വളർച്ച; സാങ്കേതികവിദ്യ ഏറെ നിർണായകം



**കൊച്ചി:** ഇന്ത്യയിലെ ജനറൽ ഇൻഷൂറൻസ് മേഖല 2025ൽ 6.2 ശതമാനം വളർച്ച കൈവരിച്ചെങ്കിലും ഈ മേഖലയുടെ സാന്ദ്രത ഒരു ശതമാനത്തിനടുത്തു മാത്രമായി നിലനിൽക്കുകയാണെന്ന് ഇൻഡസ് ഇൻഡ് ജനറൽ ഇൻഷൂറൻസ് സി.ഇ.ഒ രാകേഷ് ജെയിൻ ചൂണ്ടിക്കാട്ടി. ആഗോള തലത്തിൽ ശരാശരി നാലു ശതമാനമാണ്. ഉയർന്നു വരുന്ന അവബോധത്തിന്റെ പശ്ചാത്തലത്തിൽ ആകെ പ്രീമിയത്തിന്റെ മൂന്നിലൊന്നും സംഭാവന നൽകുന്നത് ആരോഗ്യ ഇൻഷൂറൻസ് മേഖലയുമാണ്. വൈദ്യ സേവന രംഗത്തെ പണപ്പെരുപ്പം 12 ശതമാനത്തിനടുത്താണെന്നതും ഇവിടെ പ്രസക്തമാണ്. 2026ലേക്കു നോക്കുമ്പോൾ 8-13 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. വർധിച്ചു വരുന്ന അവബോധം, ഇനിയും സേവനം എത്തിയിട്ടില്ലാത്ത വിപണികളിലേക്ക് ആഴത്തിൽ എത്തിച്ചേരുന്നത് തുടങ്ങിയവ ഇതിനു പിൻബലവുമേകും. സാങ്കേതികവിദ്യാ രംഗത്തെ മുന്നേറ്റങ്ങളാകും അടുത്ത വർഷം ജനറൽ ഇൻഷൂറൻസ് രംഗത്തെ മുന്നേറ്റങ്ങൾക്കു ചുക്കാൻ പിടിക്കുകയെന്നും രാകേഷ് ജെയിൻ ചൂണ്ടിക്കാട്ടി. നിർമിത ബുദ്ധിയുടെ പിന്തുണയോടെയുള്ള അണ്ടർ റൈറ്റിങ്, ടെലിമാറ്റിക്സ് അധിഷ്ഠിത വാഹന ഇൻഷൂറൻസ്, ഭീമ കുഗം പോലുള്ള സംവിധാനങ്ങൾ തുടങ്ങിയവ ഇതിനു സഹായകമാകും. അതിവേഗത്തിലുള്ള ഡിജിറ്റൽവൽക്കരണം ഈ രംഗത്തെ സൗകര്യങ്ങൾ വർധിപ്പിച്ചതിനൊപ്പം പുതിയ വെല്ലുവിളികളും സൃഷ്ടിക്കുന്നുണ്ട്. ഇൻഷൂറൻസ് രംഗത്തെ തട്ടിപ്പുകൾ പ്രതിവർഷം 50,000 കോടി രൂപയോളം വരുന്നതാണ്. പരിഷ്ക്കരണത്തെ തുടർന്ന് ചില പദ്ധതികളിൽ ജിഎസ്ടി ഇല്ലാതായത് വരും വർഷം കൂടുതൽ വിപുലമായി സേവനം എത്തിക്കാൻ സഹായകമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



# പുതിയ ക്യാമ്പയിൻ ആരംഭിച്ച് ടൈറ്റൻ

**കൊച്ചി:** ഇരട്ട ഒളിമ്പിക് മെഡൽ ജേതാവ് പി.വി. സിന്ധുവിനെയും ദേശീയ പുരസ്കാര ജേതാവായ നടൻ വിക്രാന്ത് മാസിയെയും അണിനിരത്തി ടൈറ്റൻ 'വെയർ യുവർ സ്റ്റോറി' എന്ന പേരിലുള്ള പുതിയ ബ്രാൻഡ് കാമ്പയിന് തുടക്കമിട്ടു.

വാച്ച് വെറുമൊരു ആക്സസറി മാത്രമല്ലായെന്നും അത് വ്യക്തികളുടെ വ്യക്തിത്വത്തെയും യാത്രകളെയും അടയാളപ്പെടുത്തുന്ന നിശബ്ദ സൂചകമാണെന്നും ടൈറ്റൻ കമ്പനി ലിമിറ്റഡ് അനലോഗ് വാച്ചസ് സിഎംഒ രഞ്ജനി കൃഷ്ണസ്വാമി പറഞ്ഞു. ആളുകൾ അവരുടെ ശൈലിയിലൂടെ അവരുടെ ജീവിത സത്യത്തെ പ്രതിഫലിപ്പിക്കാൻ ആഗ്രഹിക്കുന്നു. പി.വി. സിന്ധുവും വിക്രാന്ത് മാസിയും സത്യസന്ധതയോടെ ഈ മനോഭാവത്തിന് ജീവൻ നൽകുന്നു. അവരുടെ കഥകൾ ഞങ്ങൾ ഒരു ബ്രാൻഡ് എന്ന നിലയിൽ നിലകൊള്ളുന്ന ആശയങ്ങളുമായി ഇഴുകിച്ചേരുന്നവയാണെന്നും രഞ്ജനി കൃഷ്ണസ്വാമി പറഞ്ഞു. പി.വി. സിന്ധുവിനെ അവതരിപ്പിക്കുന്ന കാമ്പയിൻ ചിത്രം കഠിനാദ്ധ്വാനത്തിന്റെയും ദൃഢതയുടെയും ഒരു സിംഫണിയാണ്. കായിക രംഗത്തോടുള്ള അവരുടെ സ്ഥിരോത്സാഹത്തിന്റെയും സ്നേഹത്തിന്റെയും ആത്മാവിനെ ചിത്രം മനോഹരമായി പകർത്തിയിരിക്കുന്നു.കോർട്ടിലും പുറത്തും തന്നെ രൂപപ്പെടുത്തിയ നിമിഷങ്ങളിലേക്ക് ഈ കാമ്പയിൻ ചിത്രം തന്നെ തിരികെ കൊണ്ടുപോയെന്ന് പി.വി. സിന്ധു പറഞ്ഞു. വിക്രാന്ത് മാസിയെ അവതരിപ്പിക്കുന്ന കാമ്പയിൻ ഫിലിം, ഒരു സൃഷ്ടിയുടെ യഥാർത്ഥ മൂല്യം അതിന്റെ വലിപ്പത്തിലല്ല, മറിച്ച് ആ കലയിലേക്ക് കൊണ്ടുവരുന്ന അഭിനിവേശത്തിലാണെന്ന് ചൂണ്ടികാണിക്കപ്പെടുന്നു. തന്റെ യാത്ര ഒരിക്കലും വേഗത്തിൽ സഞ്ചരിക്കുന്നതിനെക്കുറിച്ചായിരുന്നില്ല, മറിച്ച് സത്യസന്ധതയോടെ മുന്നോട്ട് പോകുന്നതിനെ കുറിച്ചായിരുന്നുവെന്നുവെന്ന് വിക്രാന്ത് മാസി പറഞ്ഞു.

# സമഗ്ര വിദേശ നാണ്യ വിനിമയ സേവനങ്ങൾക്കു തുടക്കമിട്ട് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് സമഗ്ര വിദേശ നാണ്യ സേവനങ്ങൾക്കും എക്സ്ചേഞ്ച് ഏണേഴ്സ് ഫോറിൻ കറൻസി അക്കൗണ്ടുകൾക്കും തുടക്കം കുറിച്ചു. വിദേശ കറൻസികളിൽ വരുമാനം നേടുന്ന പ്രൊഫഷണലുകൾക്കും കയറ്റുമതിക്കാർക്കും കൂടുതൽ സൗകര്യപ്രദമായ രീതിയിൽ വിദേശ നാണ്യ വരുമാനം കൈകാര്യം ചെയ്യാനും ഉടനടി ഇന്ത്യൻ കറൻസിയിലേക്കു വിനിമയം ചെയ്യുന്നത് ഒഴിവാക്കാനും സഹായിക്കുന്നതാണ് എക്സ്ചേഞ്ച് ഏണേഴ്സ് ഫോറിൻ കറൻസി അക്കൗണ്ടുകൾ.

വിദേശത്തു നിന്നു പണം സ്വീകരിക്കൽ, വിദേശത്തേക്ക് പണം അയക്കൽ, വിദേശ കറൻസി നിക്ഷേപങ്ങൾ, വിവിധ കറൻസികളിലെ അക്കൗണ്ട് നിലനിർത്തൽ തുടങ്ങി വിപുലമായ സേവനങ്ങളാണ് അന്താരാഷ്ട്ര ബാങ്കിംഗ് രംഗത്ത് പുതുതായി അവതരിപ്പിച്ച സേവനങ്ങളിലൂടെ ഉപഭോക്താക്കൾക്കു ലഭിക്കുന്നത്.

മൽസരാധിഷ്ഠിത വിനിമയ നിരക്കുകൾ, അതിവേഗ പ്രോസസിങ്, പ്രത്യേക പരിശീലനം ലഭിച്ച പ്രൊഫഷണലുകളുടെ സേവനം, സുതാര്യത തുടങ്ങിയവയെല്ലാം ഇതിലൂടെ ഉറപ്പാക്കും.

ഈ സേവനങ്ങൾ അവതരിപ്പിച്ചതിലൂടെ ഉപഭോക്താക്കൾക്ക് അന്താരാഷ്ട്ര ബാങ്കിങിനായി സമ്പൂർണ സേവനങ്ങൾ നൽകുകയും ശാക്തീകരിക്കുകയുമാണ് ചെയ്യുന്നതെന്ന് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് റീട്ടെയിൽ ലയബിലിറ്റീസ്, ടിഎഎസ്സി ആന്റ് ടിപിപി വിഭാഗം മേധാവി ഹിതേന്ദ്ര ഝാ പറഞ്ഞു. വ്യക്തികൾക്കും ബിസിനസുകാർക്കുമായുള്ള വിദേശ നാണ്യ ഇടപാടുകൾ കൂടുതൽ ലളിതമാക്കാനുള്ള നീക്കത്തിൻറെ ഭാഗമായാണിത്. വിദേശ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന കയറ്റുമതിക്കാർ, സ്ഥാപനങ്ങൾ, വിദേശ നാണയത്തിൽ വരുമാനം നേടുന്ന ഫ്രീലാൻസർമാർ, പ്രൊഫഷണലുകൾ, പ്രവാസി ഇന്ത്യക്കാർ, ആഗോള പ്രവർത്തനങ്ങളുള്ള ചെറുകിടഇടത്തരം സംരംഭകർ, വിദേശ നാണയം ആവശ്യമായ യാത്രക്കാർ എന്നിവർക്കായി ഈ സേവനങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നു. ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്താനും ഇന്ത്യയുടെ അതിർത്തിക്കപ്പുറം വ്യാപാരവും പണമയക്കലും ഉൾപ്പെടുന്ന പരിസ്ഥിതിക്ക് സംഭാവന നൽകാനും ബാങ്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഈ പുതിയ സേവനങ്ങൾ മത്സരപരമായ വിനിമയ നിരക്കുകളോടൊപ്പം ഡിജിറ്റൽ സംവിധാനങ്ങളുടെ പിന്തുണയോടെ ബുദ്ധിമുട്ടില്ലാത്ത ഇൻവേർഡ് ഔട്ട് വേർഡ് സേവനങ്ങൾ നൽകുന്നു. ഇഇഎഫ്സി അക്കൗണ്ട് സൗകര്യം ഉപഭോക്താക്കൾക്ക് വിദേശ നാണയ വരുമാനം നിലനിർത്താനും അനായാസം ഉപയോഗിക്കാനും സാധിക്കും. എഫ്ഇഎംഎ പ്രകാരമാണ് ക്രെഡിറ്റ് ഡെബിറ്റുകൾ നടത്തുന്നത്. വ്യക്തിഗത പിന്തുണയ്ക്കായി ഉപഭോക്താക്കൾക്ക് ഫോറക്സ് റിലേഷൻഷിപ്പ് മാനേജർമാരുടെ സേവനം ലഭ്യമാകും. കൂടാതെ നിക്ഷേപത്തിനും അക്കൗണ്ട് പരിപാലനത്തിനുമായി സൗകര്യപ്രദമായ കാലാവധി ഓപ്ഷനുകളും ലഭ്യമാണ്. ബാങ്കിന്റെ ഡിജിറ്റൽ ചാനലുകളുമായും ശാഖാ ബാങ്കിംഗുമായും ബന്ധപ്പെട്ട് സുതാര്യമായ ഇന്റഗ്രേഷൻ വഴി മെച്ചപ്പെട്ട ഉപഭോക്തൃ സൗകര്യവും ലഭ്യമാണ്.



# വിപുലീകരിച്ച കാർഗോ വെയർഹൗസ് ഉദ്ഘാടനം ചെയ്തു

**നെടുമ്പാശേരി:** കയറ്റുമതി ചരക്കുകളുടെ സംഭരണശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിപുലീകരിച്ച എക്സ്പോർട്ട് കാർഗോ വെയർഹൗസ് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഉദ്ഘാടനം ചെയ്തു.

ഇതോടെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ എക്സ്പോർട്ട് കാർഗോ കൈകാര്യം ചെയ്യൽ ശേഷി 75,000 മെട്രിക് ടണ്ണിൽനിന്ന് 1.25 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു.

രണ്ട് അധിക എക്സ് റേ മെഷീനുകളും എക്സ്പ്ലോസീവ് ഡിറ്റക്ഷൻ മെഷീനുകളുമുൾപ്പെടെ അപകടകരമായ ചരക്കുകൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നു. +2° സെൽഷ്യസ് മുതൽ +8° സെൽഷ്യസ് വരെ താപനില നിലനിർത്തുന്ന രണ്ട് കോൾഡ് റൂമുകൾ, റേഡിയോ ആക്ടീവ് കാർഗോ മുറി, വിലപിടിപ്പുള്ള ചരക്കുകൾക്കായുള്ള പ്രത്യേക മുറി എന്നിവയുമുണ്ട് .

ഇതോടെ, എളുപ്പം കേടാവുന്ന തരം ചരക്കുകൾ, ഫാർമസ്യൂട്ടിക്കൽ ഉത്പന്നങ്ങൾ, അപകടകരമായ ചരക്കുകൾ, റേഡിയോ ആക്ടീവ് വസ്തുക്കൾ, വിലയേറിയ കൺസൈൻമെന്റുകൾ എന്നിവയുൾപ്പെടെ വിവിധ തരത്തിലുള്ള കയറ്റുമതി ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കൊച്ചി വിമാനത്താവളത്തിലെ ശേഷി വർധിച്ചു.

കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ഇ. വികാസ്, ജനറൽ മാനേജരും കാർഗോ വിഭാഗം മേധാവിയുമായ സതീഷ് കുമാർ പൈ, എയർപോർട്ട് ഡയറക്ടർ ജി. മനു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.




വ്യവസായ സൗഹൃദ നയം: പരിഷ്കാരങ്ങളും നേട്ടങ്ങളും എന്ന വിഷയത്തിൽ ഫിക്കി സംഘടിപ്പിച്ച അവലോകന യോഗത്തിൽ വ്യവസായ മന്ത്രി പി രാജീവ് സംസാരിക്കുന്നു.

# വ്യവസായ സൗഹൃദ നയം കൂടുതൽ നിക്ഷേപം സാധ്യമാക്കിയെന്ന് മന്ത്രി പി രാജീവ്

**കൊച്ചി:** സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വ്യവസായ സൗഹൃദ നയം കേരളത്തിൽ കൂടുതൽ നിക്ഷേപം സാധ്യമാക്കിയെന്ന് വ്യവസായ മന്ത്രി പി. രാജീവ്. വ്യവസായ സൗഹൃദ നയം: പരിഷ്കാരങ്ങളും നേട്ടങ്ങളും എന്ന വിഷയത്തിൽ ഫിക്കി സംഘടിപ്പിച്ച അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മാധ്യമങ്ങളും മനഃസ്ഥിതിയും മാറിയാൽ കേരളത്തിന് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മാറേണ്ട ബാധ്യത മാധ്യമങ്ങൾക്കുണ്ട്. പോസിറ്റിവ് വാർത്തകൾ കൊടുക്കാതിരുന്ന സാഹചര്യം ഇപ്പോൾ മാറിയിട്ടുണ്ട്. കേരളം ഏറെ മാറിയെന്ന് സാമ്പത്തിക വിദഗ്ധർ പോലും വിലയിരുത്തുന്നു. വ്യവസായ പുരോഗതിയിൽ കേരളം ആന്ധ്രയേക്കാൾ മുന്നിലെത്തിയത് വലിയ നേട്ടമാണ്. ഫെബ്രുവരിയോടെ കൂടുതൽ നിക്ഷേപം കേരളത്തിലെത്തും. വ്യവസായ രംഗത്ത് ക്രിയാത്മകമായ മാറ്റവും നേട്ടവും കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു.

വ്യവസായ സൗഹൃദ നടപടികളിലൂടെ കൂടുതൽ നിക്ഷേപം സാധ്യമാക്കിയ വ്യവസായ മന്ത്രിയെയും പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷിനെയും ഫിക്കി ആദരിച്ചു. ഫിക്കി കേരള ചെയർ വി പി നന്ദകുമാർ, കോ ചെയർമാൻമാരായ തോമസ് ജോൺ, ചെറിയാൻ എം ജോർജ്, ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ മേധാവി സാവിയോ മാത്യു എന്നിവർ സംസാരിച്ചു.

